A

समग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

# സമഗ്ര ശിക്ഷാ കേരളം

512

## ആത്യന്തിക വിലയിരുത്തൽ II 2025-2026

### അടിസ്ഥാനപാഠാവലി

ക്ലാസ്: 5 സമയം: 2മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി. എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
3. രണ്ടു പ്രവർത്തനങ്ങൾ വീതം നൽകിയിട്ടുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് മാത്രം ഉത്തരമെഴുതിയാൽ മതി.

1. വായിക്കാം എഴുതാം

അശ്വതി കിടക്കുകയായിരുന്നു. അമ്മ വന്ന് അവളോട് എഴുന്നേൽക്കാൻ പറഞ്ഞു. അവൾ എഴുന്നേറ്റ് പുറത്തേക്കിറങ്ങി. എന്തൊരു തണുപ്പ്! അവിടെ ഒരു കിളി. കിളിയെ നോക്കിയിരുന്ന് സമയം പോയതറിഞ്ഞില്ല. സ്കൂളിൽ പോവാൻ നേരത്ത് അതാ, രാവിലെ കണ്ട കിളി നിലത്തു വീണ് കാൽ മുറിഞ്ഞു കിടക്കുന്നു. അശ്വതിയ്ക്ക് വിഷമമായി. വീട്ടിലേക്കോടി വെള്ളവും തുണിയുമെടുത്ത് കിളിയുടെ കാലിൽ കെട്ടി. പിന്നെ സ്കൂളിൽ പോകുമ്പോൾ ആ കിളി അതാ അവളുടെ തോളത്തു വന്നിരിക്കുന്നു!

(മമിദ്ദ ഹനാൻ)

a) 'സമയം പോയതറിഞ്ഞില്ല' അശ്വതിയുടെ സമയം പോയതെങ്ങനെ?

A. സ്കൂളിൽ പോകാനൊരുങ്ങി
B. അമ്മയോട് വിശേഷങ്ങൾ പറഞ്ഞു.
C. തണുപ്പ് കാരണം മടിച്ചു.
D. കിളിയെ നോക്കിയിരുന്നു.

b) അശ്വതി എഴുന്നേറ്റ് പുറത്തേക്കിറങ്ങിയപ്പോൾ ആദ്യം അനുഭവപ്പെട്ടതെന്താണ്?

A. കിളിയെ കണ്ട സന്തോഷം.
B. മുറിവേറ്റ കിളിയെ കണ്ട വിഷമം.
C. നല്ല തണുപ്പ്.
D. അമ്മ വിളിച്ചതിലുള്ള ദേഷ്യം

c) കിളി നിലത്തുവീണ് കാൽ മുറിഞ്ഞപ്പോൾ വെള്ളവും തുണിയുമെടുത്ത് കിളിയുടെ കാലിൽ കെട്ടി. അശ്വതി ചെയ്തതിനു പിന്നിലുള്ള താൽപര്യമെന്താണ്?

i. മനസ്സിലുണ്ടായ വിഷമവും സഹാനുഭൂതിയും
ii. സഹജീവികളോടുള്ള സ്നേഹം
iii. മുറിവുകെട്ടാനുള്ള കൗതുകം.

A. ഒന്നു മാത്രം ശരി
B. ഒന്നും രണ്ടും ശരി
C. മൂന്നു മാത്രം ശരി
D. രണ്ടു മാത്രം ശരി

d) ആ കിളി അവളുടെ തോളത്തു വന്നിരിക്കാൻ കാരണമെന്ത്?

A. കിളിക്ക് കൂടില്ല

B. കിളിക്ക് പറക്കാനാവില്ല

C. അവളോടുള്ള നന്ദിയും സ്നേഹവും

D. അവളോടുള്ള ദേഷ്യം

e) ഈ കഥ നമുക്ക് നൽകുന്ന സന്ദേശമെന്താണ്?

A. ആരെയും സഹായിക്കരുത്.

B. അവരവരുടെ ക്ഷേമം മാത്രം നോക്കുക.

C. മറ്റാർക്കും വേണ്ടി സമയം കളയരുത്

D. എല്ലാവരോടും സ്നേഹവും, സഹാനുഭൂതിയും വേണം.

2A) സ്നേഹാനുഭവം

സ്നേഹം നമുക്ക് ശക്തിപകരും. ഹൃദയത്തിൽ സന്തോഷം നിറയ്ക്കും. വളർത്തു ജീവികൾ, പ്രിയപ്പെട്ടവർ, കൂട്ടുകാർ..... ആരോടൊക്കെ നിങ്ങൾ സ്നേഹം പ്രകടിപ്പിച്ചിട്ടുണ്ടാകും. ഹൃദയത്തിൽ പതിഞ്ഞ ഒരു സ്നേഹാനുഭവം പങ്കുവയ്ക്കുക.

2b) കാര്യം : മിറിക്ക് അധ്വാനിച്ചേ തീരൂ

കാരണം : മിറിയുടെ കൂട്ടുകാരുടെ വിഷമാവസ്ഥ പരിഹരിക്കണം.

A. കാര്യവും കാരണവും ശരി

B. കാര്യം ശരി കാരണം തെറ്റ്

C. കാര്യം തെറ്റ് കാരണം ശരി

D. കാര്യവും കാരണവും തെറ്റ്

2c) "ആ പന്തലിന്റെ പഴുതുകളിലൂടെ അവിടെയും ഇവിടെയും വന്ന് എത്തിച്ചു നോക്കും"

A. വികൃതിപ്പയ്യൻ

B ആകാശം

C. ഊഞ്ഞാൽ

D. അമ്പിളിയമ്മാവൻ

1. സി ശരി
2. ബി ശരി
3. എ യും ഡിയും തെറ്റ്
4. ഡി മാത്രം ശരി

3A) കുറിപ്പ്

'അന്ധയായ പെൺകുട്ടിയായിരുന്നു മിറി.'

- അന്ധതയെ അതിജീവിച്ച് ജീവിതത്തോട് പോരാടിയ മിറിയെ നിങ്ങൾക്കറിയാം. പോരായ്മകളെ മറയാക്കി ജീവിതത്തിൽ ഒതുങ്ങിക്കൂടേണ്ടവരാണോ നമ്മൾ?
- നിങ്ങളുടെ അഭിപ്രായം എഴുതുക.

അല്ലെങ്കിൽ

3B) വിശകലനക്കുറിപ്പ്

"പൂക്കളെ അവനിഷ്ടമാണ്. രാക്ഷസനെ വെറുപ്പും" 'മുത്തശ്ശി ഒരു കഥ പറയുന്നു' എന്ന പാഠത്തിൽ ഉണ്ണിക്കണ്ണൻ രാക്ഷസനെന്നു വിളിക്കുന്ന ഒരാളുണ്ടല്ലോ. അയാളുടെ രൂപഭാവങ്ങളും കർക്കശമായ പെരുമാറ്റവുമെല്ലാമാണ് അയാളെ അങ്ങനെ വിളിക്കാനും വെറുക്കാനും അവനെ പ്രേരിപ്പിച്ചത്. കുട്ടികളോട് ഇങ്ങനെയൊക്കെയാണോ പെരുമാറേണ്ടത്? ഇത്തരം അനുഭവങ്ങളോട് നിങ്ങളെങ്ങനെ പ്രതികരിക്കും?

പാഠസന്ദർഭം വിശകലനം ചെയ്ത് കുറിപ്പെഴുതുക.

4A) വാങ്മയചിത്രം

"തെരുവോരത്തിരുന്ന് ഷൂ വൃത്തിയാക്കി കൊടുക്കുകയായിരുന്നു അവളപ്പോൾ. അവളുടെ മുന്നിൽ ഷൂ പോളിഷ് ചെയ്യാനായി നിൽക്കുന്നവരുടെ വലിയ നിര"

-പാഠഭാഗം വായിക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ മിറിയുടെ ആ ചിത്രം തെളിഞ്ഞു വരുന്നില്ലേ? ഇതിന്റെ മനോഹരമായ ഒരു വാങ്മയചിത്രം എഴുതുക.

അല്ലെങ്കിൽ

4B) അഭിപ്രായക്കുറിപ്പ്

'റ്റോമോയിലെ കായികമേള' എന്ന പാഠഭാഗത്ത് കൊബായാഷിമാസ്റ്റർ മത്സരങ്ങളൊക്കെ തീരുമാനിച്ചത് തകാഹാഷിയെക്കൂടി പരിഗണിച്ചാണെന്ന് വ്യക്തമായിരുന്നു. സംസ്ഥാന സ്കൂൾ ഒളിമ്പിക്സിൽ ഇൻക്ലൂസീവ് കായികമേളയും കൂടി ഉൾപ്പെടുത്തിയതോടെ അവരും ധാരാളം മെഡലുകൾ നേടി വിജയാഹ്ലാദം പ്രകടിപ്പിച്ചത് നമ്മൾ കണ്ടു.

പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് കൂടി കായികമേളയിൽ അവസരം നൽകുന്നതിനെ കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്? കുറിപ്പ് തയ്യാറാക്കുക.

5.കഥാപാത്ര പരിചയം

ഇരുവശങ്ങളിലും പല്ലിളിച്ചു നിൽക്കുന്ന സിംഹ പ്രതിമയുള്ള വീട്ടിലെ പൂന്തോപ്പിൽ ഉണ്ണിക്കണ്ണൻ കണ്ട ആ രാക്ഷസനെ നിങ്ങൾ ഓർക്കുന്നുണ്ടല്ലോ? എന്തൊക്കെയാണ് അയാളുടെ പ്രത്യേകതകൾ?

ആ കഥാപാത്രത്തെ പരിചയപ്പെടുത്തി കുറിപ്പെഴുതുക.

6. ആസ്വാദനക്കുറിപ്പ്

ഒറ്റയല്ല

ആരുമില്ലാത്തവർക്കാരെങ്കിലും ചെറു-
സ്നേഹവാക്കോതിയാൽ മാത്രം മതി!
എങ്ങനെ, ജീവിതം സൗഖ്യമല്ലേയെന്ന
കേവലാന്വേഷണം മാത്രം മതി!
ആരൊക്കെയോ എന്റെ ജീവന്റെ കാവലായ്
കൂടെയുണ്ടെന്നുള്ള തോന്നൽ മതി!
ഒറ്റയല്ലവർ തന്റെ ജീവിതത്തോണിയിൽ
മെല്ലെത്തുഴഞ്ഞ് മുന്നേറിടാനായ്!

(ശരദിന്ദു)

സ്നേഹവും പരിഗണനയും ലഭിക്കുക എന്നത് ഏവരും ആഗ്രഹിക്കുന്ന കാര്യമാണ്. ജീവിതത്തിൽ മുന്നേറാൻ അത് വളരെ സഹായിക്കും.

കവിത വായിച്ച് ആസ്വാദനം തയ്യാറാക്കുക.